എന്നീ മേഖലകളിലെ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനും പുനരുജ്ജീവന ത്തിനും വേണ്ടിയുള്ള ഒരു പദ്ധതിയും കേന്ദ്ര സർക്കാർ അംഗീകാരത്തോടെ വനം വകുപ്പ് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

(സി) കണ്ടൽ വച്ചുപിടിപ്പിക്കുവാൻ താല്പര്യമുള്ള സ്വകാര്യ കണ്ടൽ ഉടമകൾക്ക്, കണ്ടൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിലേക്ക് വനം വകുപ്പിന്റെ കണ്ടൽക്കാടുകളുടെ സംരക്ഷണ പദ്ധതിയിലൂടെ ഏക്കറിന് 4,000 രൂപ സാമ്പത്തിക സഹായം, സർക്കാരിന്റെ നിലവിലുള്ള മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നൽകിയിരുന്നത്. ഈ സർക്കാരിന്റെ കാലത്തും നൽകിവരുന്നുണ്ട്.

സർവ്വീസ് ചട്ടങ്ങളുടെ പരിഷ്കരണം

19 (*739) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉദ്യോഗസ്ഥരുടെ സർവ്വീസ് ചട്ടങ്ങൾ പരിഷ്കരിക്കാനു ദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഏതെല്ലാം സർവ്വീസ് ചട്ടങ്ങളാണ് പരിഷ്കരണത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ജനങ്ങൾക്ക് വേണ്ടിയുള്ള വിവിധ തരത്തിലുള്ള അവകാശ നിയമങ്ങൾ കൂടി സർവ്വീസ് ചട്ടങ്ങളുടെ പരിഷ്കരണത്തിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ഭരണപരമായ സൗകര്യവും പൊതുതാൽപ്പര്യവും മുൻനിർത്തി സർവ്വീസ് ചട്ടങ്ങൾ ഭേദഗതി ചെയ്ത് കാലാകാലങ്ങളിൽ പരിഷ്കരിച്ചുവരുന്നു.

(ബി) താഴെ പറയുന്ന സർവ്വീസ് ചട്ടങ്ങളാണ് പരിഷ്കരണത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് :

1. കേരള സർവ്വീസ് റൂൾസ് ഭാഗം-I ചട്ടം 28 A
2. കേരള സർവ്വീസ് റൂൾസ് ഭാഗം-I ചട്ടം 60
3. കേരള സർവ്വീസ് റൂൾസ് ഭാഗം-I അനുബന്ധം II
4. കേരള സർവ്വീസ് റൂൾസ് ഭാഗം-III ചട്ടം 31

LIBRARY ARCHIVES Kerala Legislative Assembly

5. കേരള സർവ്വീസ് റൂൾസ് ഭാഗം-III ചട്ടം 90

6. കേരള സർവ്വീസ് റൂൾസ് ഭാഗം-I അനുബന്ധം VII ചട്ടം 19 A

7. കേരള സർവ്വീസ് റൂൾസ് ഭാഗം-I അനുബന്ധം VII ചട്ടം 21

8. കേരള സർവ്വീസ് റൂൾസ് ഭാഗം-I അനുബന്ധം VIII ചട്ടം 8

9. സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ

(സി&ഡി) സേവന അവകാശ നിയമത്തിന്റെയും കേരള പബ്ലിക് സർവ്വീസസ് നിയമത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള സേവന ചട്ടങ്ങളുടെയും ഉദ്ദേശ ലക്ഷ്യങ്ങൾ വ്യത്യസ്തമായതിനാൽ സേവനാവകാശ നിയമത്തിലെ വ്യവസ്ഥകൾ സർവ്വീസ് ചട്ടങ്ങളുടെ പരിഷ്കരണത്തിൽ ഉൾപ്പെടുത്തുന്നത് പ്രായോഗികമല്ല.

സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കമ്പനി

20 (*740) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. പി. എ. മാധവൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൻറം ബസ്സുകൾക്കായി കെ.എസ്.ആർ.ടി.സി.യുടെ കീഴിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കമ്പനി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത കമ്പനിയുടെ പ്രവർത്തനം വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നല്കുമോ ;

(സി) കമ്പനിയുടെ ഘടനയും പ്രവർത്തനരീതിയും എങ്ങനെയായിരിക്കണം എന്നാണ് ഉദ്ദേശിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) കമ്പനിയുടെ പ്രവർത്തനത്തിനായി കേന്ദ്ര നഗര വികസന വകുപ്പ് എന്തെല്ലാം ധനസഹായങ്ങളാണ് നൽകുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

ജൻറം ബസ്സുകൾക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ധനസഹായം ലഭിക്കണമെങ്കിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കേണ്ടത് അനിവാര്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിന് 5-7-2014-ലെ G.O. (Ms) No. 50/2014/Tran നമ്പർ ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് അനുവാദം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly